(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാട് നിറുത്തുന്നതു് എന്തുകൊണ്ടാണെന്നു പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) അപേക്ഷകരം കിട്ടിയിട്ടുണ്ടു്.

(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാടു് നിറുത്തുന്നില്ല. അതുകൊണ്ടു് (സി) ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മില്ലിൽ നെല്ലു് കുത്തുന്നതിലേയ്ക്കു് തിരുവിതാംകൂറിൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷകരം ഇപ്പോഴും ഏതു നിലയിൽ ഇരിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അപേക്ഷകരം ആലോചനയിൽ ഇരിക്കയാണു്.

മെഡിക്കൽ കോളേജാരംഭം

‡* ൭൯൩. (൯) ശ്രീ. വി. കെ. വറീസ്: താഴെ കാണുന്ന ചോദ്യങ്ങരംക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കോളേജു് എന്നു ആരംഭിക്കും;

(ബി) എത്ര വിദ്യാർത്ഥികരംക്കു് പ്രവേശനം ഉണ്ടു്;

(സി) ഏതെല്ലാം ക്ലാസുകരം ആണു് ഉണ്ടായിരിക്കുന്നതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ജൂലായി ൧൯൫൪.

(ബി) അറുപതോളം വിദ്യാർത്ഥികരംക്കു്.

(സി) എം. ബി. ബി. എസ്. ആദ്യവർഷം.

ശ്രീ. സി. വി. ഇയ്യു: ഇൻഡ്യൻ മെഡിക്കൽ കൌൺസിലിന്റെ അംഗീകാരം സിദ്ധിയ്ക്കുന്നതിനു് ശ്രമിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനുവേണ്ട ശ്രമങ്ങരം ചെയ്യുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: സ്റ്റാഫിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: ചിലരെയെല്ലാം പ്രൊപ്പോസ് ചെയ്തു അതിനുവേണ്ട നടപടികരം നടന്നുകൊണ്ടിരിക്കയാണു്.

വില്പനനികുതി നിയമം വകുപ്പു് ൧൦ (൧)

‡‡*൭൯൭. (൧൧) കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

സെയിൽസ് ടാക്സു് ആക്ടു് ൧൦ (൧) സെക്ഷൻ പ്രകാരം എത്ര ഉറുപ്പിക പിഴ തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നും പിരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

‡ Questioner being absent, Sri. C. V. Iyyu put the question.

‡‡ Answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):
ഒരു പിഴയും പിരിച്ചിട്ടില്ല.

വിജയമോഹിനി മില്ലിലെ നൂൽ

* ൧൯൫. (ക്ര ഫ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിജയമോഹിനി മില്ലിലെ നൂലിനു് എക്സ്മില്ലിന്റെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വില്ക്കുന്നതിനു് ഗവണ്മെണ്ടിൽനിന്നും അനുമതി നൽകിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തീയതി മുതൽ ഏതു് തീയതിവരെ;

(ബി) എക്സ്മില്ലിന്റെ ഏതു ശതമാനം ലാഭത്തിലാണു് സഹകരണ സംഘങ്ങൾക്കു വിജയമോഹിനി മില്ലിലെ നൂൽ കൊടുക്കുന്നതിനു് ഗവണ്മെണ്ടു് അനുവദിച്ചിട്ടുള്ളതു്;

(സി) സഹകരണസംഘങ്ങൾക്കു നൂൽ കൊടുക്കുവാൻ വിജയമോഹിനി മില്ലിനു് ഗവണ്മെണ്ടുത്തരവു് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ഡി) ഗവണ്മെണ്ടുത്തരവനുസരിച്ചു സഹകരണസംഘങ്ങൾക്കു് വിജയമോഹിനി മില്ലിൽനിന്നും യഥാസമയം നൂലു കൊടുക്കുന്നില്ലാ എന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ; ഇതിൽ ഗവണ്മെണ്ടു് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നു ദയവായി പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിജയമോഹനി മില്ലിലെ നൂൽ എക്സ്മിൽ വിലയുടെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വിതരണം ചെയ്യുന്നതിനു് ബോംബെ ടെക്സ്റ്റൈൽ കമ്മീഷണരുടെ അനുവാദം അനുസരിച്ചു ഈ ഗവണ്മെണ്ടു് മില്ലിനെ അനുവദിച്ചിട്ടുണ്ടു്. ക്ര—ൻ—ക്ര ൻ ൫ ൦ മുതൽ സഹകരണസംഘങ്ങൾക്കു് പത്തു ശതമാനം ലാഭത്തിൽ നൂൽ വിതരണം ചെയ്യാൻ മില്ലിനു് നിർദ്ദേശം നൽകി. എന്നാൽ ൬ ൦-ാം നമ്പർ നൂല മാത്രം ഇയാണ്ടവസാനംവരെ മുമ്പിലത്തെപോലെ വിതരണം നടത്താൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്.

(ബി) എക്സ്മിൽ വിലയുടെ പത്തു ശതമാനം ലാഭത്തിൽ സഹകരണസംഘങ്ങൾക്കു് വില്ക്കാനാണു് നിർദ്ദേശം കൊടുത്തതു്.

(സി) ക്ര—ൻ—ക്ര ൻ ൫ ൦ മുതൽ സഹകരണസംഘങ്ങൾക്കു് നൂൽ കൊടുക്കുവാൻ ടെക്സ്റ്റൈൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ന ൦—വ—ക്രൻ൫ ൦-ൽ ഓർഡർ കൊടുത്തു.

(ഡി) നൂൽ തരുന്നില്ലെന്നു ചില സഹകരണസംഘങ്ങൾ പരാതിപ്പെട്ടതനുസരിച്ചു് മില്ലിനു് ഉടനടി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു് വിതരണം ചെയ്യിപ്പിച്ചു.

ഉണികൾ

* ൧൯൬. (ക്രമ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇവിടെ വന്ന ഉണികൾക്കു് പ്രൈസു് കൺട്രോൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

LIBRARY ARCHIVES Kerala Legislative Assembly